**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2276** **9/12/2014-ൽ മറുപടിക്ക്**

# വൈദ്യുതി മേഖലയിലെ അപകടങ്ങളും- സുരക്ഷാ ക്രമീകരണങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിലെ അറ്റകുറ്റപണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) നിലവിലുള്ള വൈദ്യുതി വിതരണ ശൃംഖല ബലപ്പെടുത്തുന്നതിനും അറ്റകുറ്റപണികൾ നടത്തി അപകടരഹിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ക്രമീകൃതമായി നടത്തി വരുന്നുണ്ട്. അറ്റകുറ്റപണികൾക്കിടയിൽ സുരക്ഷാ പരിപാലനത്തിനായി പ്രത്യേക ചട്ടങ്ങൾ ഏ ർ പ്പെടുത്തിയിട്ടുണ്ട്. അതിൽ പ്രധാനമായതാണ് പെർമിറ്റ് ടു വർക്ക് (Permit To Work — PTW) സമ്പ്രദായം. സുരക്ഷാ ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സുരക്ഷ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡ് ജീവനക്കാർക്കും കെ.എസ്സ്.ഇ.ബി.-യുടെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുന്ന കോൺട്രാക്ട് തൊഴിലാളികൾക്കും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്കും കോൺട്രാക്ട് തൊഴിലാളികൾക്കും സുരക്ഷാ ബോധവൽക്കരണത്തിനുള്ള സുരക്ഷാ ക്ലാസ്സുകളും പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്. |
| (ബി) ലൈനിൽ അറ്റകുറ്റപണികൾ നടത്തുമ്പോൾ എന്തെല്ലാം സജ്ജീകരണങ്ങളും സുരക്ഷാ ഉപകരണങ്ങളുമാണ് ഉണ്ടായിരിക്കേണ്ടത്; ആയത് കെ.എസ്.ഇ.ബി.യ്ക്ക് ആവശ്യാനുസരണം ഉണ്ടോ; വ്യക്തമാക്കാമോ; | (ബി) ഹെൽമറ്റ്, സുരക്ഷാ ബെൽറ്റ്, എർത്ത് റോഡ് , കയ്യുറ , ഏണി, ബൂട്ടുകൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും |

സുരക്ഷാ ഉപകരണങ്ങളും കെ.എസ്.ഇ.ബി.-യിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികളുടെ സ്വഭാവം അനുസരിച്ച് മേൽനോട്ടം വഹിക്കുന്നവർക്കും ജോലി ചെയ്യുന്നവർക്കും ഒരു പോലെ സുരക്ഷ ഉറപ്പ് വരുത്തുന്ന PTW സമ്പ്രദായം കേരളത്തിലെ എല്ലാ സെക്ഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉല്പാദന പ്രസരണ വിതരണ മേഖലയിൽ സുരക്ഷയ്ക്കായി ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**(സി)** ഉല്പാദന മേഖലയിൽ സുരക്ഷയ്ക്കായി ഹെൽമറ്റ്, സുരക്ഷാ ബെൽറ്റ്, മാറ്റ്, എർത്തിംഗ് മെക്കാനിസം, ആർക്ക് സ്യൂട്ട്, ഗംബൂട്ട്, കൈയ്യുറ, അഗ്നിശമന സംവിധാനങ്ങൾ എന്നിവയും പ്രസരണ മേഖലയിൽ എർത്ത് റോഡ് , ഹെൽമറ്റ്, ഏണി, കയർ, സേഫ്റ്റി ബെൽറ്റ്, ഗംബൂട്ട്, കൈയ്യുറ, മാറ്റ് , എർത്തിംഗ് കിറ്റ്, അഗ്നിശമന സംവിധാനങ്ങൾ എന്നിവയും വിതരണ മേഖലയിൽ എർത്ത് റോഡ്, ഏണി, കയർ, കൈയ്യുറ, ഹെൽമറ്റ്, ഷൂ സ്, എർത്തിംഗ് കിറ്റ് , സേഫ്റ്റി ബെൽറ്റ് എന്നിവയും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

(ഡി)വൈദ്യുത മേഖലയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങളെ ഒഴിവാക്കാൻ സഹായിക്കുന്ന എല്ലാവിധ ആധുനിക ഉപകരണങ്ങളും വാഹനങ്ങളും കെ. എസ്.ഇ.ബി.ക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**(ഡി)** അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു Centralised Yearly Rate Contract System നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ